11 621/2016

**B**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 - 17
## മലയാളം - II
## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ്: IX

സമയം: 1½ മണിക്കൂർ
സ്കോർ: 40

**പൊതുനിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

   ആമിനയാകട്ടെ, ആ വസ്ത്രങ്ങൾ കൈയിൽ വച്ച് അനങ്ങാതിരുന്നു. കുഞ്ഞിന്റെ കരച്ചിൽ കേട്ടാണ് അവൾ ആ ഇരിപ്പിൽ നിന്ന് എഴുന്നേറ്റത്. (1)

2. "നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
   ഞാനൊന്നു കാണട്ടെ, നീ തൊട്ടു നിൽക്കൂ."

   ഏകാന്തതാരകം എന്ന പദം വിഗ്രഹിച്ചെഴുതുക. (1)

3. പദവാക്യതലങ്ങളിലെ അഭംഗി പരിഹരിച്ച് വാക്യം മെച്ചപ്പെടുത്തിയെഴുതുക.

   അന്നദാനം കൊടുക്കുന്ന ഓരോ സ്ഥലങ്ങളിലും വൃദ്ധയായ ആ സ്ത്രീയുടെ സാന്നിധ്യം കണ്ണിനു പ്രത്യക്ഷമായിരുന്നു. (2)

4. "ഓള് പറയേ? അന്റെ ഉമ്മാനെ അനക്കറിഞ്ഞൂടാ. ഓളെപ്പോലെ സഹിക്കുന്നൊരു പെണ്ണ് ഇദ്ദുനിയാവുമ്പിലില്ല. അക്കുടുംബത്തിന്റെ ഒരു ബെളക്കാ ഓള്". ഈ സംഭാഷണ ഭാഗത്തെ ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക. (2)

5. മോഹത്തിൽ നിലയറ്റ നാണുക്കുട്ടി രണ്ടും കല്പിച്ച് മഞ്ചാടി മനയ്ക്കലെ വലിയ തിരുമേനിയുടെ മുമ്പിൽ ചെന്ന് സ്വയം തളഞ്ഞു നിന്നു. *(അജഗജാന്തരം)*

   - 'രണ്ടും കല്പിച്ച്' എന്ന ശൈലിയുടെ അർഥം വ്യക്തമാകത്തക്ക വിധത്തിൽ മറ്റൊരു വാക്യം നിർമ്മിക്കുക. (2)
   - 'സ്വയം തളഞ്ഞു നിന്നു' എന്ന പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭംഗി വ്യക്തമാക്കുക. (2)

6. പറമ്പിലെവിടെയോ പശു പിന്നെയും അമറി. ശാന്തമ്മ കട്ടിളപ്പടിയിൽ ചാരിനിന്ന് <u>വിരഹം വിഴുങ്ങി.</u> അടിവരയിട്ട പ്രയോഗം ശാന്തമ്മയുടെ മാനസികാവസ്ഥ വെളിപ്പെടുത്താൻ പര്യാപ്തമാണോ? വ്യക്തമാക്കുക. (2)

**7 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 4 വീതം**

7. രണ്ടുപേർക്കും കാപ്പി മതിയെന്ന് സാറാമ്മ. രണ്ടുപേർക്കും ചായ മതിയെന്ന് കേശവൻ നായർ. രണ്ടുപേർക്കും ദേഷ്യം വന്നു. ഒടുവിൽ കേശവൻനായർ ഒരു ചായയും സാറാമ്മ ഒരു കാപ്പിയും കുടിച്ചു.

   മനുഷ്യബന്ധങ്ങളുടെ സൂക്ഷ്മതലം അവതരിപ്പിക്കുവാൻ ഈ സന്ദർഭത്തിന് എത്രമാത്രം കഴിയുന്നുണ്ട്? സ്വാഭിപ്രായം സമർഥിക്കുക.

8. "പടിവരെ മായനും പിന്നാലെ പോയി. ഒരു കൊച്ചുമോട്ടോർ ബോട്ട് വലിച്ചുകൊണ്ടുപോകുന്ന കെട്ടുവഞ്ചിപോലെ. പടിക്കൽ വച്ച് അവ തമ്മിലുള്ള കെട്ടഴിഞ്ഞു. മോട്ടോർ ബോട്ട് മുന്നോട്ടു നീങ്ങി. കെട്ടുവഞ്ചി നിന്നു."

മായനും മരക്കാരും വേർപിരിയുന്ന സന്ദർഭം ആവിഷ്കരിക്കാൻ ഈ സാദൃശ്യകല്പന എത്ര മാത്രം സമർഥമാണ്? വിലയിരുത്തുക.

9. "ഇക്ക് ഒന്നും ഇല്ല. ഉയിരേ ഉള്ളൂ അതു ഞാൻ ഇങ്ങക്ക് തന്ന്" - മുറിഞ്ഞു വീഴുന്ന കണ്ണീരിനിടയിലൂടെ അവൾ ഈ വാക്കുകൾ പറഞ്ഞപ്പോൾ ദൈവം അതിലേ കടന്നുപോയെന്നു തോന്നുന്നു. ഒരഭൗമമായ പ്രകാശം ഹസ്സന്റെ ഉള്ളിലേക്കു തള്ളിക്കയറി."

സന്ദർഭം വിശകലനം ചെയ്ത് വെളിച്ചത്തിന്റെ വിരലുകൾ എന്ന ശീർഷകം ഈ പാഠഭാഗത്തിന് എത്രമാത്രം ഉചിതമാണ് എന്നു പരിശോധിച്ച് കുറിപ്പു തയാറാക്കുക.

10. "മനയ്ക്കലെ തട്ടാനെ ശട്ടംകെട്ടി ഒരു കൊച്ചു നെറ്റിപ്പട്ടമുണ്ടാക്കണം. കൊമ്പിന് ഒരു ജോഡി കുഴലാഭരണവും. കഴുത്തിലൊരു കൊച്ചു പൊന്മണിയുമാകാം. ഇതെല്ലാമണിഞ്ഞ് ബഹുസുന്ദരിയായ നങ്ങേമയെ രാജപാതയിലൂടെ തെക്കുവടക്കു പലകുറി നടത്തണം. അക്കാഴ്ച കണ്ടുകൊണ്ട് നാട്ടുകാരുടെ നെടുവീർപ്പടങ്ങണം." *(അജഗജാന്തരം)*

ഈ സന്ദർഭത്തിലെ ഹാസ്യത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

11. ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും പോകു, മല്ലേ സഖീ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ; നീയെ-
ന്നണിയത്തു തന്നെ നിൽക്കു, ഇപ്പഴങ്കു-
ടൊരു ചുമയ്ക്കടിയിടറി വീഴാം.

കവി അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ സങ്കടങ്ങൾ കവിതയിൽ പ്രകടമാവുന്നതെങ്ങനെ? കുറിപ്പു തയാറാക്കുക.

12.
- മഞ്ചാടിമനയ്ക്കലെ ആനക്കാരൻ നാണുക്കുട്ടിക്ക് ഒരാശ. ഒരേ ഒരാശ. ഒരു ആടുവാങ്ങണം.
- കറുത്ത മൃഗത്തെ നയിച്ചു നയിച്ചു മടുത്താശാനെ, ഒരു വെളുത്ത മൃഗത്തെ മേയ്ചിട്ട് മരിക്കണം ന്നൊരു പൂതി.
- പഴത്തിന്റെ വില കൊടുത്ത് അന്തസ്സായി ഇടപാട് തീർത്തു. ഒപ്പം കോൽവച്ചാൽ നിൽക്കില്ലെന്ന ഗുണപാഠവും തേറി. *(അജഗജാന്തരം)*

തന്നിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്ത് കഥാനിരൂപണം തയാറാക്കുക. (6)

13. "അച്ചെക്കന് ഇച്ചിരി മൊലകൊടുക്കാമായിരുന്നില്ലേ? ഇമ്മിണി നേരായില്ലേ?"
"ഈയാൾ ആരാണ്? പടച്ചവനോ!"

ഹസൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുന്ന മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുക. (6)

9. "ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പകർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ"

*(കാളകൾ)*

വരികൾ പരിശോധിച്ച് കാവ്യപരമായ സവിശേഷത കണ്ടെത്തി കുറിപ്പ് തയാറാക്കുക. (4)

10. "ദൈവമേ ഈ മഴയത്ത് മോട്ടോർ സൈക്കിളിൽ പ്രദീപ്
വീട്ടിലെത്തുന്നതുവരെ അവനൊരു ആപത്തും വരുത്തല്ലേ"

*- ജീവിതം ഒരു പ്രാർഥന (കെ.എം. മാത്യു)*

നിസ്വാർഥമായി സ്നേഹിക്കുക എന്ന മഹത്തായ സന്ദേശമാണോ ജീവിതം ഒരു പ്രാർഥന എന്ന ആത്മകഥാഭാഗത്തെ ശ്രദ്ധേയമാക്കുന്നത്? മറ്റു സന്ദർഭങ്ങൾക്കൂടി പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക. (4)

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. 6 സ്കോർ വീതം**

11. കഥാപാത്രനിരൂപണം തയാറാക്കുക.

- അന്നത്തെ ചിരിക്കുടുക്കയായ ഉമ ഇന്നിങ്ങനെ ഒരവസ്ഥയിലെത്തി! ഒരു സിറിഞ്ച് വച്ച് വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു. വൈധവ്യത്തിന്റെ വിളർച്ച?
- ഈ ഓഫീസിൽ ഒഴികെ ഈ ലോകത്തിൽ എനിക്ക് എവിടെ പോകാനാ? വേരോടിയുറച്ചതുപോലെ അവർ അനങ്ങാതിരുന്നു.

കുടുംബവും സമൂഹവും സ്ത്രീകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ സാക്ഷി എന്ന കഥയിൽ ശക്തമായി ആവിഷ്കരിക്കുന്നു. സന്ദർഭങ്ങൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക.

12. ഉപന്യാസം തയാറാക്കുക.

അറിയപ്പെടാത്തൊരു നാട്ടിൽ പിന്നാക്കം നിൽക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ കഴിഞ്ഞുകൂടുന്ന ഏതെങ്കിലും പാവപ്പെട്ട കുട്ടികൾക്ക് എന്റെ ജീവിതവിധി രൂപപ്പെട്ടുവന്ന മാർഗം ആശ്വാസത്തിന്റേതായൊരു കണികയെങ്കിലും കണ്ടെത്താൻ കഴിഞ്ഞേക്കാം. അത്തരം കുട്ടികളെ അവരുടെ പിന്നാക്കാവസ്ഥയെന്നും നൈരാശ്യമെന്നുമുള്ള മിഥ്യാബോധത്തിൽ സ്വയം മോചിതരാകാൻ ഇത് ഒരു പക്ഷേ സഹായിച്ചേക്കാം. *(അഗ്നിച്ചിറകുകൾ - എ.പി.ജെ. അബ്ദുൾകലാം)*

രാമേശ്വരം പോലുള്ള ഒരു കുഗ്രാമത്തിൽ ജനിച്ച് കഠിനപ്രയത്നത്തിലൂടെ ലോകത്തോളം വളർന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകളാണിവ.

പ്രചോദനാത്മകമായ ഈ വചനങ്ങൾ വിശകലനം ചെയ്ത് 'ജീവിതവിജയവും സ്ഥിരോത്സാഹവും' എന്ന വിഷയത്തിൽ ലഘുപന്യാസം തയാറാക്കുക. (വിശ്വം ദീപമയം എന്ന കവിതയിലെ ആശയങ്ങളും പരിഗണിക്കണം).

13. ആസ്വാദനം തയാറാക്കുക.

## ചിരി

സമസ്തലോകത്തേയും സുന്ദരപ്പൂങ്കാവാക്കി-
ച്ചമച്ചുവിരിയുന്നു ചിരിയാം മലരുകൾ.
ചിരിപ്പിൻ ഭ്രാതാക്കളേ ചിരിപ്പിൻ, സർവ്വേശന്റെ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ്‌വന്നു?
താരിന്റെ ചിരിയിൽ നിന്നല്ലയോ പഴമുണ്ടായ്,
പാരിന്റെ ചിരിയിൽ നിന്നല്ലയോ നാമുണ്ടായി?
പരിതാപത്താലുള്ളം പൊരിയും പാവങ്ങൾക്കു
ചിരിയാം പാൽപകർന്നു കൊടുപ്പോൻ തത്ത്വജ്ഞാനി;
രോഗത്തിൻ പരിഹാരം, മുഖത്തിന്നലങ്കാരം,
ലോകത്തിന്നുപഹാരം, മധുരഹാസാങ്കുരം.
ചിരിപ്പിൻ ഭ്രാതാക്കളേ ചിരിപ്പിൻ, ചിൽക്കാതലിൻ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ്‌വന്നു?

*(വൈലോപ്പിള്ളി)*

**ഭ്രാതാവ് - സഹോദരൻ, ഹാസം** - ചിരി, അങ്കുരം - നാമ്പ്, ചിൽക്കാതൽ - ഈശ്വരൻ